LIBRARY ARCHIVES Kerala Legislative Assembly

EXPENSES ON ACCOUNT OF SERVICE COMMISSION—PARTICULARS OF

66. (113) മിസ്റ്റർ പി. കെ. ഡീവർ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) സ്റ്റാഫ്സെലക്ഷൻ ബോർഡിന്റെ പ്രവൎത്തനം നിൎത്തൽചെയ്തു പബ്ലിക്ക സൎവ്വീസ്കമ്മീഷൻ നടപ്പിലാക്കിയതു് എന്നുമുതൽക്കാണു്;

(ബി) ൧൧൨൪ തുലാം ൩൦-ാംതിയ്യതിവരെ പബ്ലിക്ക സൎവ്വീസ് കമ്മീഷൻ അംഗങ്ങളുടെ ശമ്പളച്ചിലവു്, സ്റ്റാഫിന്റെ ശമ്പളച്ചിലവു്, ആഫീസ്സുചിലവു തുടങ്ങി എല്ലാ ചിലവുമടക്കം പബ്ലിക്കസൎവ്വീസ് കമ്മിഷന്റെ പേരിൽ എന്തു ചിലവു വന്നിട്ടുണ്ടു്;

(സി) പബ്ലിക്ക സൎവ്വീസ് കമ്മീഷനു പ്രതിമാസം (സ്റ്റാഫിന്റെ ശമ്പളം മുതലായവ അടക്കം) എന്തു ചിലവു വന്നുകൊണ്ടിരിക്കുന്നു;

(ഡി) പബ്ലിക്ക സൎവ്വീസ് കമ്മീഷൻ ഇതുവരെ ൧൦൦ ക. ക്കു മേലുള്ള എത്ര നിയമനങ്ങൾ ശുപാൎശ ചെയ്തിട്ടുണ്ടു്; സ്റ്റാഫ്സെലക്ഷൻ ബോർഡ് ചെയ്തിരുന്നതിനെ കവിഞ്ഞു വല്ല പ്രവൎത്തനവും പബ്ലിക്ക സൎവ്വീസ്കമ്മീഷൻ നടത്തിയിട്ടുണ്ടോ;

(ഇ) പബ്ലിക്ക സൎവ്വീസ്കമ്മീഷൻ ചട്ടങ്ങൾ എഴുതി ഉണ്ടാക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പു്:

(എ) ൧൧൨൩ ചിങ്ങം ൧൨-ാംതിയതിമുതൽ.

(ബി) അംഗങ്ങളുടെ ശമ്പളച്ചിലവു്	ഉറുപ്പിക	൧൮,൦൧൮—൧൩—൦
സ്റ്റാഫിന്റെ ശമ്പളച്ചിലവു്	,,	൬,൮൪൧— ൫—൦
ആകെ ക്ഷാമബത്ത	,,	൭,൮൫൮— ൨—൦
ആഫീസ് ചിലവു മുതലായവ	,,	൭,൪൬൯— ൮—൬
ആകെ ചിലവു്	,,	൪൦,൧൮൭—൧൨—൬

(സി) ക. ൨,൭൧൧—൧൨—൦.

(ഡി) ൧൦൦ ക. ക്കു മേലുള്ള ഒരു നിയമനവും ശുപാൎശ ചെയ്തിട്ടില്ല. സ്റ്റാഫ്സെലക്ഷൻ ബോർഡ് ചെയ്തതിനെ കവിഞ്ഞു യാതൊരു പ്രവൎത്തനവും പബ്ലിക്ക സൎവ്വീസ് കമ്മീഷൻ നടത്തിയിട്ടില്ല.

(ഇ) പബ്ലിക്ക സൎവ്വീസ് കമ്മീഷന്റെ നടത്തിപ്പിനുള്ള കരടു ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. അവ ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

Mr. K. Kochukuttan *(Aranattukara Depressed)*: I may be permitted to put question No. 70 also along with this.

Mr. President: Yes.

SERVICE COMMISSION—PARTICULARS OF

70. (240) മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) സ്റ്റാഫ് സെലക്ഷൻ ബോർഡ് സൎവ്വീസ് കമ്മീഷൻ ആയി രൂപാന്തരപ്പെടുത്തിയിട്ടു് ൧൧൨൪ കന്നി ൩൦-ാംനു-ക്കു എത്ര കാലമായി;

(ബി) ഈ കാലത്തിനകത്തു സൎവ്വീസ്സു് കമ്മീഷന്റെ റൂളുകൾ എന്തൊക്കെയെന്നു് തിട്ടപ്പെടുത്തി അംഗീകരിക്കുകയുണ്ടായൊ;

(സി) ൧൦൦ ക. യിൽ കൂടുതൽ ശമ്പളമുള്ള തസ്തികയിൽ നിയമനം നടത്താനുള്ള അധികാരം സൎവ്വീസ് കമ്മീഷനു് ഉണ്ടോ;

(ഡി) സൎവ്വീസ് കമ്മിഷനിലെ അംഗങ്ങൾ എത്ര; ഓരോരുത്തരുടെയും ശമ്പളം എന്തു്;

(ഇ) തിരുവിതാംകൂറിൽ സൎവ്വീസ് കമ്മീഷനിൽ എത്ര അംഗങ്ങളുണ്ടു്?

മിസ്റ്റർ സി. എ. ഔസേപ്പു്:

(എ) ൧ കൊല്ലം ൧ മാസം ൧൯ ദിവസം.

(ബി) കമ്മീഷന്റെ നടത്തിപ്പിനുള്ള ചട്ടങ്ങൾ ഗവമ്മെണ്ടിന്റെ ആലോചനയിലിരിക്കുകയാണു്.

[Mr. C. A. Ouseph]

(സി) നിയമനത്തെപ്പററി ശുപാർശ ചെയ്യാനുള്ള അധികാരമുണ്ട്. പക്ഷെ റൂളുകൾ ഉണ്ടാക്കിയതിനുശേഷമെ ഈ അധികാരം കമ്മീഷനു സിദ്ധിക്കുകയുള്ളൂ.

(ഡി) മൂന്ന്. ഒരു ചെയർമാനും, രണ്ടു മെമ്പർമാരും.

ചെയർമാൻ.—൩൫൦—൨൫—൫൦൦.
൫൦൦

മെമ്പർമാർ.—൨൫൦—൨൫—൫൦൦.

(ഇ) നിശ്ചയമില്ല.

മിസ്റ്റർ സി. യു. നാരായണൻ: സ്റ്റാഫ് സെലക്ഷൻ ബോർഡും പബ്ളിക് സർവ്വീസ് കമ്മീഷനുംകൂടി ആകെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസ് വേണം.

മിസ്റ്റർ പി. കെ. ഡിവർ: പബ്ളിക് സർവ്വീസ് കമ്മീഷനോട് ആലോചിക്കാതെ നടത്തിയിട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ ഒരു കണക്കു പറയുവാൻ സാധിക്കുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അങ്ങിനെ ഉണ്ടായിട്ടുണ്ട്. പക്ഷെ, അതിന്റെ കണക്ക് ഇപ്പോൾ പറയുവാൻ പ്രയാസമാണ്.

മിസ്റ്റർ പി. കെ. ഡിവർ: അങ്ങിനെയുള്ള നിയമനങ്ങൾ വളരെയധികമുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഒന്നു ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്. അതു് കാൻസൽ ചെയ്യുകയും ചെയ്തു.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇങ്ങിനെയുള്ള നിയമനങ്ങൾ ഇനിയും ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുകയാണെങ്കിൽ അതു മുഴുവൻ കാൻസൽ ചെയ്യാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: നിവൃത്തിയുള്ളിടത്തോളം കാൻസൽ ചെയ്യണമെന്നാണ് വിചാരം.

മിസ്റ്റർ കെ. ഐ. വേലായുധൻ: പബ്ളിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ പെട്ട ഉദ്യോഗങ്ങൾ ഗവമ്മെണ്ടു നേരിട്ടു നടത്തുകയാണെങ്കിൽ അതു തെററല്ലേ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു ചെയ്യാൻ പാടില്ലാത്തതാണ്.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: ആ നിയമനം നിയമപ്രകാരം സാധുവാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിനിപ്പോൾ സമാധാനം പറയാൻ പ്രയാസമാണ്.

Mr. President: It is a matter of opinion. It does not come under the question.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: ഇക്കൊല്ലത്തിൽ എത്ര നിയമനം നടത്തിയിട്ടുണ്ടെന്നു പറയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്; നോട്ടീസ് വേണം.

മിസ്റ്റർ കെ. കരുണാകരൻ: സർവ്വീസ് കമ്മീഷൻ സ്ററാഫ് സെലക്ഷൻ ബോർഡിന്റെ പ്രവർത്തനത്തിൽ കൂടുതലായി യാതൊന്നും നടത്തിയിട്ടില്ലാത്തതുകൊണ്ട് അതിനുവേണ്ടി ചിലവിടുന്ന സംഖ്യ പാഴ്ചിലവാണെന്നു ഗവമ്മെണ്ടിനു ബോദ്ധ്യമുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ബോദ്ധ്യമില്ല.

PENALISING UNTOUCHABILITY—PROPOSAL REGARDING

67. (167) **മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ:** താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവമ്മെണ്ട് സദയം മറുപടി പറയുമോ.—

ഐത്തം കുററകരമാക്കുന്നതിന്നായി ഏതെങ്കിലും നടപടിയെടുക്കുവാൻ ഗവമ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

സാമുദായികാവശതകൾ പരിഹരിക്കുവാൻ വേണ്ടകാര്യങ്ങൾ ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാകുന്നു.

മിസ്റ്റർ എം. കെ. മേനോൻ; അയിത്തം സാമുദായികാവശതകളിൽപെടുമെന്നു ഗവമ്മെണ്ട് വിചാരിക്കുന്നില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അയിത്തം കുററകരമാക്കുന്ന ഒരു കോൺസ്റ്റിററ്യൂഷൻ കോൺസ്റ്റിററ്യുവെന്റ് അസംബ്ളിയിൽ പാസാക്കീട്ടുണ്ട്. കോൺസ്റ്റിററ്യുവെന്റ അസംബ്ളി ഉണ്ടാക്കീട്ടുള്ള കോൺസ്റ്റിററ്യൂഷനിലെ ചില വകുപ്പുകൾ നാട്ടുരാജ്യങ്ങൾക്ക

LIBRARY ARCHIVES Kerala Legislative Assembly